കേരള സർക്കാർ

# ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇ.കെ.എം. (പി.12) 139/2020

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 03.03.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത്

സർ

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

.

നംകെ.എസ്.എ-ഇ.കെ.എം (പി.12)139/2020 തീയതി: 03.03.2020

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ് കെ.കെ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.1.2020 മുതൽ 20/1/2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അബ്ദുൽ സലാം ടി ഐ ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജീവ് എൻ. എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബെറ്റ്സി സി എക്സ് , ഓഡിറ്റർ |
| | ശ്രീ ടിന്റ കെ ജെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.പി. പോൾസൺ | 01.04.18 മുതൽ<br>18.4.18വരെ |
| | ശ്രീമതി ടീസ ബാബു | 19.4.18 മുതൽ<br>15.5.18വരെ |
| | ശ്രീ എ ഐ നിഷാദ് | 16.5.18 മുതൽ<br>31.3.19വരെ |
| സെക്രട്ടറി | ശ്രീമതി സീന പി.വി | 1.4.18 മുതൽ<br>31.3.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സലീഷ്യ സജിനി | 01.04.18 മുതൽ<br>31.03.19വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എ ജയലക്ഷ്മി | 01.04.18 മുതൽ<br>31.03.19വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. സലീം കെ.<br>മണിക്ഫാൻ | 01.04.18 മുതൽ<br>31.03.19വരെ |
| കൃഷി ഓഫീസർ | ശ്രീമതി സിമ്മി സി.കെ. | 01.04.18 മുതൽ<br>31.03.19വരെ |
| പി.എച്ച്.സി.<br>മെഡിക്കൽഓഫീസർ | ഡോ. റസീന കെ. | 01.04.18 മുതൽ 31.03.19<br>വരെ |
| ഹോമിയോ, മെഡിക്കൽ<br>ഓഫീസർ | ഡോ.ധന്യ പ്രസാദ് | 1.4.18 മുതൽ<br>31.03.19 വരെ |
| ആയുർവേദ മെഡിക്കൽ<br>ഓഫീസർ | ഡോ.തോമസ് ജിബിൻ<br>ഐ.ആർ. | 01.04.18 മുതൽ 31.03.19<br>വരെ |
| വി.ഇ.ഒ , ചിറ്റാറ്റുകര | ശ്രീ. മധു കെ.ആർ. | 1.04.18 മുതൽ<br>31.03.19വരെ |
| വി.ഇ.ഒ , പല്ലംതുരുത്ത് | ശ്രീമതി സന്ധ്യ പി.എസ്. | 01.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സിനി | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി ഷൈജ എം കുമാർ | 01.04.18 മുതൽ 31.03.19വരെ |
| ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ | ചന്ദ്രപ്രഭ | 01.04.18 മുതൽ 31.03.19 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി. രശ്മി പി രാജൻ | 01.04.18 മുതൽ 31.03.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം (R&P പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 | |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-13 | |
| 14 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 1-14 | |
| 15 | തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്- | 1-15 | |
| 16 | എസ്.എൽ.ഐ പ്രീമിയം-തുക കുറവ് | 1-16 | |
| 17 | ഇ-ടെൻഡർ ഫീസ് ലഭിച്ചില്ല | 1-17 | |
| 18 | വയോജനങ്ങൾക്ക് യോഗാ പരിശീലനം-അപാകത | 1-18 | |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 | |
| | | | |

| | | | |
|---|---|---|---|
| 20 | മത്സ്യ വിൽപ്പനയ്ക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും നൽകിയത് മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-20 | |
| 21 | സ്വയം തൊഴിലിന് ഇരുചക്രവാഹനം (എസ്.സി.പി)-അപാകത | 1-21 | |
| 22 | അംഗനവാടികളുടെ അറ്റകുറ്റ പണി-അധിക നിരക്ക് നൽകി | 1-22 | |
| 23 | ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും | 1-23 | |
| 24 | ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ)പ്രോജക്റ്റ് -അപാകതകൾ | 1-24 | |
| 25 | പൂർണ്ണ വിവരങ്ങൾ അടങ്ങിയ അപേക്ഷ,യോഗ്യത സർട്ടിഫിക്കറ്റ്, കരാർ എന്നിവയില്ലാതെ പദ്ധതിയുടെ ആനുകൂല്യം നൽകി | 1-25 | |
| 26 | വയോജനങ്ങൾക്ക് യോഗാ പരിശീലനം – പ്രോജക്ടിലെ അപാകതകൾ | 1-26 | |
| | ഭാഗം 2 : ഇല്ല | | |
| | ഭാഗം 3 | | |
| 27 | അംഗനവാടികളുടെ അറ്റകുറ്റ പണി-അധിക നിരക്ക് നൽകി | 3-1 | |
| | ഭാഗം 4 | | |
| 28 | വാർഷിക കണക്കുകളിലെ അപാകതകൾ | 4-1 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 30 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 | |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 | |
| 34 | ഓഡിറ്റ് റിക്കവറി | 4-7 | |
| 35 | ചാർജ്ജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 | |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15/03/2018 തീയ്യതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. .

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി |
|---|---|
| 31/7/2019 | 22/05/2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 06.6.2019, 07.6.2019 | കെ.എസ്.എ-ഇ.കെ.എം.(പിജി) 1227/(39)/2019/ 1.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 8516976.00 |
| വരവ് | 113326183.00 |
| ആകെ | 121843159.00 |
| ചെലവ് | 90600704.00 |
| നീക്കിയിരിപ്പ് | 31242455.00 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 0 | 17908000 | 17908000 | 17111436 | 0 | 796564 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 0 | 6871000 | 6871000 | 6038925 | 0 | 832075 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | 0 | 189000 | 189000 | 189000 | 0 | 0 |
| 4 | മെയിന്റനൻസ് (റോഡ്) | 0 | 4460000 | 4460000 | 4111234 | 0 | 348766 |
| 5 | മെയിന്റനൻസ് (റോഡിതരം) | 0 | 3703000 | 3703000 | 3695398 | 0 | 7602 |
| 6 | സെൻട്രൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8312000 | 8312000 | 7002333 | 0 | 1309667 |
| 7 | SBT - ലിറ്ററസി | 4893 | 174 | 5067 | 0 | 5067 | |
| 8 | എൻ ആർ ഇ ജി എസ്- ഭരണചെലവ്<br>- തൊഴിലാളികളുടെ കൂലി | 10472<br>0 | 29471451<br>28849721 | 29481923<br>28849721 | 29466685<br>28849721 | 15238<br>0 | |
| 9 | കേന്ദ്രാവിഷ്കൃത ഫണ്ട്- ടി എസ് സി | 451156 | 1965081 | 2416237 | 180000 | 2236237 | |
| 10 | ട്രഷറി ടി എസ് ബി (ജോയിന്റ് വെഞ്ചർ) | 5026 | 11190300 | 11195326 | 7126192 | 4069134 | |
| 11 | SBI – കറണ്ട് അക്കൗണ്ട് | 53688 | 739264 | 792952 | 457152 | 335800 | |
| 12 | ബി ഫണ്ട് | 0 | 52353740 | 52353740 | 52353740 | 0 | |
| 13 | തനത് ഫണ്ട് | 7674758 | 32343862 | 40018620 | 24280451 | 15738169 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | SBI – ലൈഫ് ലോൺ അക്കൗണ്ട് | 0 | 29937933 | 29937933 | 21095303 | 8842630 | |
| 16 | സെക്യൂരിറ്റി പെൻഷൻ | 173 | 7 | 180 | 0 | 180 | |
| 17 | ജനകീയ ഭവനം | 316810 | 12997 | 329807 | 329807 | 0 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ % |
|---|---|---|---|---|---|---|---|
| 2018-19 | 195 | 115268626 | 127 | 72016503 | 4 | 35 | 65.3% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – 33 എണ്ണം</u>

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ,പേർ |
|---|---|---|
| 1 | 16 | സ്വയം തൊഴിലിന് ഇരുചക്ര വാഹനം(ടി.എസ്.പി) |
| 2 | 18 | യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ(എസ്.സി.പി) |
| 3 | 28 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ |
| 4 | 50 | ബയോഗ്യാസ് പ്ലാന്റ്(ഗാർഹികം) |
| 5 | 55 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് |
| 6 | 57 | ജൈവഭരണി |
| 7 | 62 | പി.എം.എ.വൈ.വിഹിതം നൽകൽ |
| 8 | 71 | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് |
| 9 | 73 | ഭവന പുനരുദ്ധാരണം(ടി.എസ്.പി) |
| 10 | 75 | മത്സ്യ വിൽപ്പനയ്ക്ക് എെസ് ബോക്സ് വിതരണം |
| 11 | 82 | മുണ്ടരുത്തി ഗുരുദേവ ലൈൻ റോഡ് ബാക്കി ഭാഗം മെറ്റലിംങ്ങും ടാറിംഗും-വാർഡ്-6 |
| 12 | 86 | വി.എെ.പി കോളനി റോഡ്, ലൂപ് റോഡ്(2), ലൂപ് റോഡ്(3) & ലൂപ് റോഡ്(4), മെറ്റലിംഗ് & ടാറിംഗ് വാർഡ് |
| 13 | 87 | കമ്പിവേലിക്കകം പടിഞ്ഞാറെ തോപ്പ് റോഡ് റീടാറിംഗ് വാർഡ്-9 |
| 14 | 92 | വൈ.െം.എ റോഡ് ആദ്യ മെറ്റലിംഗ്,വാർഡ്-1 |
| 15 | 93 | കാർഷിക കർമ്മ സേന |
| 16 | 96 | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം(എസ്.സി.പി) |
| 17 | 102 | തുരുത്തിപുറം പരുവതുരുത്ത് കുട്ടുകാട് റോഡ് മെയിന്റനൻസ് വാർഡ്-4 |
| 18 | 108 | സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം(എസ്.സി.പി) |
| 19 | 114 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ(എസ്.സി.പി) |
| 20 | 115 | ചന്തപ്പാടം ലിങ്ക് റോഡ് റീടാറിംഗ് -വാർഡ്-8 |

| | | |
|---|---|---|
| 21 | 116 | പോത്തുകുട്ടി വിതരണം(ടി.സി.പി) |
| 22 | 118 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ(ടി.സി.പി) |
| 23 | 120 | ആട് വിതരണം(ടി.സി.പി) |
| 24 | 128 | സുബ്രമണ്യൻ കോവിൽ റോഡ് റീടാറിംഗ്-വാർഡ്13 |
| 25 | 131 | എൻ.എ.വള്ളോൻ റോഡ് സെക്കന്റ് മെറ്റലിങ്ങും ടാറിംഗും വാർഡ്-14 |
| 26 | 135 | മണപ്പുറം റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ്-17 |
| 27 | 137 | കക്കൂസ് മെയിന്റനൻസ് |
| 28 | 140 | ഹയർസെക്കൻഡറി/ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ടാബ് ലെറ്റ് കമ്പ്യൂട്ടർ |
| 29 | 142 | എൽ.പി.സ്കൂളുകളുടെ പാചകപ്പുര നവീകരണം |
| 30 | 148 | കൈപ്പുറം എെഎച്ച്ഡിപി കോളനി റോഡ് റീടാറിംഗ് വാർഡ്-17 |
| 31 | 150 | സുജലം പദ്ധതി |
| 32 | 158 | വനിതകൾക്ക് കരാട്ടെ പരിശീലനം |
| 33 | 205 | ഫിഷർമെൻ റോഡ് സെക്കന്ററി മെറ്റലിംഗ് |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10472 | 29471451 | 29481923 | 29466685 | 15238 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28849721 | 28849721 | 28849721 | 0 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 86640 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 1166000 | 96 |
| വിധവാപെൻഷൻ | 15800300 | 1281 |
| വാർദ്ധക്യകാലപെൻഷൻ | 28916500 | 2565 |
| വികലാംഗപെൻഷൻ | 4609600 | 369 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1270700 | 104 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഡി.ബി.റ്റി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നല്കിവരുന്നത്.

# 1-9 ക്യാഷ് പരിശോധന

.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15,01.2020 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9183/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ

എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്.

2. മരാമത്ത് വർക്ക് ഫയലിനോടൊപ്പം മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ്, ബിറ്റുമിൻ പർച്ചേസ് ബില്ലിന്റെ പകർപ്പ് എന്നിവ സൂക്ഷിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് .

4. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവൃത്തിക്കുന്നുണ്ടെങ്കിലും, ഓഫീസിന്റെ സ്ഥലസൗകര്യക്കുറവ് ഫ്രണ്ട് ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

5. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി നമ്പറുകൾ ഇട്ട് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഓഫീസിന്റെ സ്ഥലസൗകര്യക്കുറവ് ഫയലുകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

6.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

7. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

8. നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും ആവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപ്പത്രങ്ങൾ മാത്രമാണ് കാണുന്നത്. സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക് ശരിയായ വിധത്തിൽ എല്ലാ വരവുകളും ചെലവുകളും ഉൾപ്പെടുത്തി എഴുതി സൂക്ഷിക്കുന്നില്ല.

9. ഗ്രാമപഞ്ചായത്തിൽ 18.03.2003 -ലെ സ.ഉ. 92/2003 -ഉത്തരവ് പ്രകാരവും 2003 -ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരവും ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് മഹാപ്രളയത്തിൽ കെടുതികൾ അനുഭവിച്ച പഞ്ചായത്താണ്. ആയതിനാൽ ഫയലുകളും രജിസ്റ്ററുകളും മറ്റു രേഖകളും വെള്ളപ്പൊക്കത്തിൽ നശിച്ചിരുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.12.2019 | 11/2019 | 8.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.11.17 to 21.11.17 | 2012-17 | 16.07.2019 |

# 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറിയെ(നം.12) തുടർന്ന് 534/-രൂപ താഴെ കൊടുത്തിരിക്കുന്ന പ്രകാരം അടവാക്കിയിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തിയതി |
|---|---|---|---|
| 12 | കെട്ടിട നികുതി | 534 | 119010104808/ 15.01.2020 |

# 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ) 1-12-2018 മുതൽ 14-9-19 വരെ കയ്യെഴുത്ത് രസീത് ബുക്കുകളുടെ മുന്നിരിപ്പ്, വരവ്,ഉപയോഗം,നീക്കിയിരിപ്പ് വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ കാലയളവിൽ ഉപയോഗിച്ച കയ്യെഴുത്ത് രസീത്ബുക്കുകൾ പരിശോധനക്ക് ലഭ്യമായില്ല. ഇവയെ സംബന്ധിച്ച വിവരങ്ങളൊന്നംതന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 13379 നമ്പർ രസീത് ബുക്ക് നഷ്ടപ്പെട്ടതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ രസീത് ബുക്ക് അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കി. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ കയ്യെഴുത്ത് രസീത് ബുക്കുകൾ ചട്ടവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത്തരം നടപടി കർശനമായി ഇല്ലാതാക്കേണ്ടതാണ്. രസീതുബുക്കുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കുകയും രസീത് ബുക്കുകളുടെ ഉപയോഗം കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ആയത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ബി) 3-4-2018 മുതൽ 14-8-2018 വരെ സ്റ്റേഷനറി നമ്പർ 4439209 - 440000, 3231001 – 3232337 സീരീസ് സ്റ്റേഷനറികൾ ഉപയോഗിച്ചിട്ടുള്ളതായി സാംഖ്യാ രസീത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയെ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. ആയതിനാൽ ഈ സീരീസിൽ ഉൾപ്പെടാത്ത സ്റ്റേഷനറികൾ ചട്ടവിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ടോയെന്നും നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇവയിൽ സ്റ്റേഷനറി നമ്പർ 3231656 മുതൽ 3231877 വരെയുള്ള 221 സ്റ്റേഷനറികൾ പരിശോധനക്ക് ലഭ്യമായില്ല.

സി) 1-11-2018ൽ അസിസ്റ്റന്റ് സെക്രട്ടറി കൈപ്പറ്റിയ 26130 നമ്പർ രസീത് ബുക്കിലെ ചില രസീതുകളിൽ തീയ്യതി രേഖപ്പെടുത്താതെയാണ് പണം പിരിച്ചത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രസീത് നമ്പർ | തുക |
|---|---|---|
| 1 | 1/26130 | 1120 |
| 2 | 2/26130 | 1120 |
| 3 | 3/26130 | 1120 |
| 4 | 7/26130 | 224 |

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 23 പ്രകാരം കാഷ്,മണിയോർഡർ,ചെക്ക്,ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകകയാണെങ്കിൽ അതേ ദിവസം തന്നെയോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ തീയ്യതി രേഖപ്പെടുത്താതെ രസീത് നൽകുന്നതിനാൽ തുക കാലതാമസം ഇല്ലാതെ അക്കൗണ്ടിൽ അടവാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

ഡി)ഓഡിറ്റ് നടന്ന നാൾ വരെയും താഴെ ചേർത്ത കയ്യെഴുത്ത് രസീത് ബുക്കുകളുടെ ഒ.ഡി.സി. തയ്യാറാക്കിയിട്ടുണ്ടായിരുന്നില്ല. ഓഡിറ്റ് എൻക്വയറി(നമ്പർ 3) നൽകിയതിനു ശേഷം മാത്രമാണ് ഇവ തയ്യാറാക്കി പരിശോധനക്ക് സമർപ്പിച്ചത്.

| ക്രമ നം. | രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | രസീത് ബുക്ക് നമ്പർ | കൈപ്പറ്റിയ തീയ്യതി |
|---|---|---|---|
| 1 | ജോജി.പി.ജോൺ | 26134 | 20-12-2018 |
| 2 | ജോജി.പി.ജോൺ | 26137 | 26-12-2018 |
| 3 | ജോജി.പി.ജോൺ | 34344 | 13-3-2019 |
| 4 | ജോജി.പി.ജോൺ | 34347 | 18-3-209 |
| 5 | അസിസ്റ്റന്റ് സെക്രട്ടറി | 26130 | 1-11-2018 |

ക്രമ നമ്പർ 3 ഉപയോഗിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ 534 രൂപ കുറവായാണ് അടവാക്കിയത് (ഖ. 1-13 ഓഡിറ്റ് ഇംപാക്ടിൽ ചേർത്തിട്ടുണ്ട്).ആയതിനാൽ രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുക്കുന്ന പണം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും പരിശോധനകൾ നടത്തുന്നില്ല എന്ന് ബോധ്യമാകുന്നു.
കയ്യെഴുത്ത് രസീത് ബുക്കുകളുടേയും, സാംഖ്യാ രസീത് സ്റ്റേഷനറികളുടേയും മുന്നിരിപ്പ്,വരവ്,ഉപയോഗം,നീക്കിയിരിപ്പ്

വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും, പരിശോധനക്ക് ലഭ്യമാക്കാതിരുന്ന സാംഖ്യാ രസീതുകൾ/ സ്റ്റേഷനറികൾ,കയ്യെഴുത്ത് രസീത് ബുക്കുകൾ എന്നിവ ലഭ്യമാക്കേണ്ടതും, പണം പിരിക്കുമ്പോൾ രസീതിൽ തീയ്യതി രേഖപ്പെടുത്തേണ്ടതും, യഥാസമയം ബന്ധപ്പെട്ട ഹെഡിൽ തുക അടവാക്കി ഓ.ഡി.സി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇതോടൊപ്പംതന്നെ രസീതുകൾ സംബന്ധിച്ച് താഴെപ്പറയുന്ന ഗുരുതരമായ അപാകതകൾ നിലനിൽക്കുന്നതിനാൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

1). 01.12.18 മുതൽ 14.09.2019 വരെ രസീത് ബുക്കുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

2). 03.04.18 മുതൽ 14.08.2018 വരെയുള്ള സാംഖ്യ സ്റ്റേഷനറികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3), തിയതി രേഖപ്പെടുത്താതെ രസീതുകളിൽ പണം പിരിച്ചിരിക്കുന്നു.

# 1-14 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) ട്രേഡേഴ്സ് ലിസ്റ്റ് ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല. 2018-19 സാമ്പത്തിക വർഷം 351 സ്ഥാപനങ്ങൾ വ്യാപാര വ്യവസായ ലൈസൻസ് ഫീ എടുത്തിട്ടുള്ളതായി ലൈസൻസ് ഫീ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റിൽ കേവലം 274 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഈ ട്രേഡേഴ്സ് ലിസ്റ്റ് അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കേണ്ടതും, കാലാകാലം പുതുക്കേണ്ടതും ആയത് പ്രകാരം രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

ബി) ലൈസൻസ് ഫീ അപേക്ഷകളിൽ ക്രമ നമ്പർ 224 മുതൽ 351 വരെയുള്ള അപേക്ഷകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. 1 മുതൽ 223 വരെയുള്ള അപേക്ഷകൾ(223 എണ്ണം) പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ ഈ സ്ഥാപനങ്ങൾ ചട്ടപ്രകാരമാണോ ലൈസൻസ് എടുത്തിട്ടുള്ളതെന്നും, ലൈസൻസ് ഫീ അടവാക്കിയിട്ടുള്ളതെന്നും വ്യക്തമല്ല. ഇത് സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 9) മറുപടി ലഭ്യമായില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

# 1-15 തൊഴിൽ നികുതി അടവാക്കാത്തത്.

1) 2018-19 സാമ്പത്തിക വർഷം താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | രേഷ്മ എഞ്ചിനീയറിംഗ് വർക്സ്, മാച്ചാം തുരുത്ത് പി.ഓ., വടക്കേക്കര. |
| 2. | കൂൾകെയർ റഫ്രിജെറേഷൻ, ഹോം അപ്ലയൻസസ്, സെയിൽസ് & സർവ്വീസ്, വെടിമറ. |
| 3. | പി.കെ.എം. ഇൻഡസ്ട്രീസ്, ഇത്തിൾ പറമ്പ്, പട്ടണം. |
| 4. | അമ്മാർ ഫുഡ് കോർട്ട്, പുതിയകാവ് ഹയർ സെക്കണ്ടറി സ്കൂളിനു സമീപം |
| 5. | ബേക്ക് വെൽ, ചിറ്റാറ്റുകര. |
| 6. | കെ.പി. ഫർണീച്ചർ, ഇത്തിൾ പറമ്പ്,ചിറ്റാറ്റുകര. |
| 7. | പാത്തൂസ് ഫർണീച്ചർ വർക്ക്സ്, ഇത്തിൾ പറമ്പ്, പാറാശ്ശേരി റോഡ്, ചിറ്റാറ്റുകര. |
| 8. | കടുവേലി സ്റ്റോഴ്സ്, എൻ.എച്ച്. -17, ചിറ്റാറ്റുകര. |
| 9. | കോറശ്ശേരി വുഡ് വർക്ക്, കളരിക്കൽ റോഡ്, ചിറ്റാറ്റുകര. |
| 10. | ഓർമ്മ ട്രേഡേഴ്സ്, പട്ടണം മാച്ചാംതുരുത്ത് റോഡ്, ചിറ്റാറ്റുകര. |
| 11. | സപ്ലൈകോ ഡിപ്പോ എൻ. പറവൂർ, പറവൂർ-മാഞ്ഞാലി റോഡ്, ചിറ്റാറ്റുകര. |

| | |
|---|---|
| 12. | പടയാട്ടി ഇൻഡസ്ട്രീസ്, പട്ടണം മാച്ചാംതുരുത്ത് റോഡ്, ചിറ്റാറ്റുകര. |
| 13. | ടി.വി. സുന്ദരം അയ്യങ്കാർ & സൺസ് പ്രൈ.ലി., വെടിമറ-മാഞ്ഞാലി റോഡ്, ചിറ്റാറ്റുകര. |
| 14. | ആസ്ഫ് എന്റർപ്രൈസസ്, കുഞ്ഞിത്തൈ, മാച്ചാംതുരുത്ത് റോഡ്, ചിറ്റാറ്റുകര. |
| 15. | ഷൈനിംഗ് ട്രേഡ്സ്, എൻ.എച്ച്. -17, ചിറ്റാറ്റുകര. |
| 16. | എസ്.എം.എൽ. മോട്ടോഴ്സ്, ചിറ്റാറ്റുകര. |
| 17. | എന്നൽ ഫുഡ്സ്,ചിറ്റാറ്റുകര. |
| 18. | റിലയൻസ് ജിയോ, ചിറ്റാറ്റുകര. |
| 19. | എൻ.ആർ.എച്ച്.എം, ഹോമിയോ ഡിസ്പെൻസറി, ചിറ്റാറ്റുകര. |
| 20. | ഇസ്ലാമിക് യു.പി.സ്കൂൾ, മന്ദം. |
| 21. | സബ്ബ് ഗ്രൂപ്പ് ഓഫീസർ, മന്ദം-മാക്കനായി ദേവസ്വം |

2) പഞ്ചായത്തിന്റെ കരാറുകാർ, പ്രദേശത്തെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതുമാണ്.

3) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ, ഒന്നാം അർദ്ധവാർഷിക പത്രികകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. തൊഴിൽ നികുതി സംബന്ധമായി ആവശ്യമായ രേഖകളും രജിസ്റ്ററുകളും ഹാജരാക്കാത്തതിനാൽ തൊഴിൽ നികുതിയിനത്തിലുള്ള വരവ് കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. തനതു ഫണ്ടിന്റെ പ്രധാന വരവിനങ്ങളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 എസ്.എൽ.ഐ പ്രീമിയം-തുക കുറവ്

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന- പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| അടിസ്ഥാന ശമ്പളം 17999 വരെ | 200 രൂപ |
| അടിസ്ഥാന ശമ്പളം 18000 മുതൽ 35699 വരെ | 300 രൂപ |
| അടിസ്ഥാന ശമ്പളം 35700 മുതൽ 55349 വരെ | 500 രൂപ |
| അടിസ്ഥാന ശമ്പളം 55350 മുകളിൽ | 600 രൂപ |

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 02/2019 ലെ ശമ്പള ബില്ല് പ്രകാരം ഏതാനും ജീവനക്കാരുടെ പ്രീമിയം തുക കുറവായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | അടക്കുന്ന പ്രീമിയം | അടവാക്കേണ്ട പ്രീമിയം | കുറവ് |
|---|---|---|---|---|
| ഷൈൻ ടി ജി, ക്ലർക്ക് | 23400/- | 250 | 300 | 50 |
| നീതു എൽ. ഡി, ക്ലർക്ക് | 19000/- | Nil | 300 | 300 |
| സീന പി വി, സെക്രട്ടറി | 51600/- | 250 | 500 | 250 |

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള പ്രീമിയം തുക അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-17 ഇ-ടെൻഡർ ഫീസ് ലഭിച്ചില്ല

2016-17, 17-18, 18-19 വർഷങ്ങളിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് താഴെപ്പറയും പ്രകാരം ഈടാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ

നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

| വർഷം | ടെൻഡർ ഫീസ് | ട്രാൻസ്ഫർ ചെയ്യാൻ ബാക്കി |
|---|---|---|
| 2016-17 | 50295 | 48930 |
| 2017-18 | 55362 | 52172 |
| 2018-19 | 51860 | 13440 |

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വരേണ്ടിയിരുന്ന ടി തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആയതിനാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്ത് AE യുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ലഭിച്ച ഇ-ടെൻഡർ ഫീസ് തുകകൾ സെക്രട്ടറിയുടെ പേരിലുള്ള പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്.

# 1-18 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഏതാനും സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പ്പറയുന്ന പ്രവർത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പറും,പേരും | സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 40500 | 06/18-19/14.06.18 |
| | | 7290 | 32/18-19/11.03.19 |
| | | 498786 | 33/18-19/11.03.19 |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | കേരള വാട്ടർ അതോറിട്ടി | 98000 | 19/18-19/23.03.19 |

പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രം സമയബന്ധിതമായി ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-20 മത്സ്യ വിൽപ്പനയ്ക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും മോണിറ്ററിംഗ് കാര്യക്ഷമമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0076/19 |
| പ്രോജക്ടിന്റെ പേര് | മത്സ്യ വിൽപ്പനയ്ക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ |
| അടങ്കൽ | 150000 |
| ചെലവ് | 82980/-(ബിൽ നമ്പർ 04/18-19 തീ.13.03.19)<br>60000/-(ബിൽ നമ്പർ 5/18-19തീ.13.03.19)<br>142980/- |

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ മത്സ്യ വിൽപ്പനയ്ക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും എന്ന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ താഴെപ്പറയുന്ന

അപാകതകൾ കാണുന്നു.

1) കേരള സർക്കാരിന്റെ സ.ഉ (കൈ)നം. 11/2018/ത.സ്വ.ഭ.വ തി-29.01.2018 എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 വർഷം മുതലുള്ള പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.3.2,3 എന്നിവ പ്രകാരം ഗുണഭോക്താവിന്റെ അപേക്ഷ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് മാർക്ക് രേഖപ്പെടുത്തി അർഹതയുള്ളവരുടെ കരട് മുൻഗണന ലിസ്റ്റ് തയ്യാറാക്കണം. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ മാർക്ക് നൽകിയതും നൽകാത്തതുമായ ലിസ്റ്റ് ആണ് ലഭ്യമാക്കിയത് .

2) ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ലഭിച്ച മാർക്ക് |
|---|---|---|---|
| 1 | ജോതിഷ്,നെടിയാറ | 1 | - |
| 2 | സുധീർ,കോലോത്തും പറമ്പ് | 2 | - |
| 3 | അബ്ദുൽ മനാഫ്, പള്ളിപ്പുറം | 2 | - |
| 4 | ആന്റണി ഫ്രാൻസിസ് ഒറ്റാറക്കൽ | 4 | |
| 5 | രാജേഷ് നമ്പ്യാർ | 18 | 50 |

മേൽ ഗുണഭോക്താക്കൾക്ക് ചെലവിന്റെ 50 ശതമാനം സബ്സിഡി ആനുകൂല്യം ലഭിച്ചുവെങ്കിലും ക്രമ നമ്പർ 5ലെ ഗുണഭോക്താവിന് മാത്രമാണ് 50 മാർക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. സബ്സിഡി ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്ന പ്രക്രിയയാണ് മാർക്ക് നൽകൽ. ആയത് കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല.

3) ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് അപേക്ഷയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4) മേൽ ഉപകരണങ്ങൾ നിലവിൽ പദ്ധതിയിൽ പറഞ്ഞ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോയെന്ന് കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തിയതായി ഫയലിൽ രേഖപ്പെടുത്തലില്ല.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും മേൽ സൂചിപ്പിച്ച അപാകതകൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

# 1-21 സ്വയം തൊഴിലിന് ഇരുചക്രവാഹനം (എസ്.സി.പി)- അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.01518-19 |
| പ്രോജക്ടിന്റെ പേര് | സ്വയം തൊഴിലിന് ഇരുചക്രവാഹനം (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 740000 |
| ചെലവ് | 60000 (ബിൽ നം. 8/18-19തീ -06.12.18)<br>209300(ബിൽ നം. 12/18-19തീ -26.12.18)<br>177135(ബിൽ നം. 14/18-19തീ -19.01.19)<br>59598(ബിൽ നം. 22/18-19തീ -07.02.19)<br>59800(ബിൽ നം. 24/18-19തീ -07.03.19)<br>90000(ബിൽ നം. 30/18-19തീ -19.03.19)<br>30000(ബിൽ നം. 36/18-19തീ -21.03.19)<br>27525(ബിൽ നം. 24/18-19തീ -07.03.19) |

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്വയംതൊഴിലിന് ഇരുചക്രവാഹനം (എസ്.സി.പി) എന്ന പദ്ധതിയിൽ 24 ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനം വാങ്ങി നൽകിയിരുന്നു. ആനുകൂല്യം വിവിധ വാഹനങ്ങൾ വില്പന നടത്തിയ സ്ഥാപനങ്ങൾക്ക് സബ്സിഡി തുകയായി കൈമാറുകയാണ് ചെയ്തത്. മാർഗ്ഗരേഖ 6.4.9 പ്രകാരം ഗുണഭോക്താക്കൾ തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ /അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ തൊഴിൽ രഹിതരാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2) ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പേര് രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഇതുമൂലം ഭാവിയിൽ ഇവർക്ക് തന്നെ ആനുകൂല്ല്യം വീണ്ടും ലഭിക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നു.

3) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ മിക്കവർക്കും എത്ര മാർക്ക് ലഭിച്ചുവെന്നുള്ള രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

4) തൊഴിൽ സംബന്ധമായ ആവശ്യത്തിന് ഉപകരിക്കുന്ന വാഹനമാണ് വാങ്ങിയതെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പർച്ചേസ് കമ്മറ്റിയുടെ തീരുമാനം ഫയലിൽ ലഭ്യമല്ല.

5)പദ്ധതി നടപ്പിലാക്കിയതിന് ശേഷം കാലാകാലങ്ങളിലുള്ള സമയബന്ധിതമായ മോണിറ്ററിംഗ് നടന്നതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല.

6) ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നതിന് പ്രയോജനപ്പെടുന്ന തരത്തിലുള്ള വാഹനം വാങ്ങുന്നതിന് നിർദ്ദേശിച്ച് ഏകീകൃത രൂപത്തിൽ സബ്സിഡി ആനുകൂല്യം നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് കമ്മിറ്റിയും ശ്രമിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാങ്ങിയ വാഹനവും യൂണിറ്റ് വിലയും | സബ്സിഡി |
|---|---|---|---|
| 1 | രാജിമോൾ.ഇ.ആർ | ഹോണ്ട ആക്ടിവ – 77548/-രൂപ | 30000 |
| 2 | ഹരീഷ് കെ.ഡി | പൾസർ 200എൻ.എസ് 102996/-രൂപ | 30000 |
| 3 | രതീഷ് കുമാർ | യമഹ ഫാസിനോ – 59800/- | 29900 |
| 4 | അമൃത ലക്ഷ്മി പി.ജെ | യമഹ ഫാസിനോ – 59800/- | 29900 |
| 5 | പ്രവീൺകുമാർ | യമഹ ഫാസിനോ – 59800/- | 29900 |
| 6 | രാജീവ്.പി.എസ്. | യമഹ ഫാസിനോ – 59800/- | 29900 |
| 7 | സ്മിത ലാൽ സന്തോഷ് | യമഹ ഫാസിനോ - 59800/- | 29900 |
| 8 | തമ്പി.വി.സി | യമഹ ഫാസിനോ – 59800/- | 29900 |
| 9 | ഉത്തമ പ്രസാദ്.കെ.ജി | ഹീറോ ഗ്ലാമർ – 63100/- | 30000 |
| 10 | ഗോപകുമാർ | ഹീറോ ഗ്ലാമർ പാഷൻ പ്രോ 54875/- | 27437 |
| 11 | മിനി.കെ.വി | ഹോണ്ട ആക്ടിവ – 59396/- | 29698 |

ക്രമ നം.2 ലെ ഗുണഭോക്താവ് വാങ്ങിയിരിക്കുന്നത് പൾസർ 200 എൻ.എസ്. എന്ന ആഡംബര ഇരുചക്രവാഹനമാണ്. സർക്കാർ ഉത്തരവ് (കൈ) നം.22/18, തീ.14.2.18 ഖണ്ഡിക 6.4 ക്രമ നം.9 ൽ നിർവ്വചിച്ചിരിക്കുന്നത് തൊഴിൽ രഹിതർ, ഇരുചക്ര വാഹനത്തിൽ സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവർ എന്നിവർക്ക് ഉപകരിക്കുന്ന

ഇരുചക്രവാഹനം എന്നാണ്. ആഡംബര വാഹനങ്ങൾ വാങ്ങാൻ സാമ്പത്തിക സ്ഥിതിയുള്ള ഒരാളെ ഗുണഭോക്താവായി തെരഞ്ഞെടുക്കുകവഴി പദ്ധതിയുടെ പ്രയോജനം ലഭിക്കാമായിരുന്ന മറ്റൊരു ഗുണഭോക്താവിനെ ഒഴിവാക്കേണ്ടി വരുന്നു. ചെറുകിട സംരഭകർക്ക് കൈത്താങ്ങാകുവാൻ സർക്കാർ വിഭാവനം ചെയ്ത പദ്ധതി അർഹരായവർക്ക് തന്നെ ലഭിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ഈ കാരണത്താൽ ക്രമ നം.2 ൽ സബ്സിഡിയിനത്തിൽ നല്കിയ 30000/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ, സ്വയംതൊഴിലിൽ ഏർപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

# 1-22 അംഗനവാടികളുടെ അറ്റകുറ്റ പണി-അധിക നിരക്ക് നൽകി

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ അംഗനവാടി നമ്പർ 87, 127, 113, 92, 81, 78 എന്നിവയിലെ അറ്റകുറ്റ പണി നടത്തിയതിൽ അളവ് പുസ്തകം -195/17-18 ഇനം 8 ആയി ചെയ്ത Centering & shuttering including strutting..... എന്ന പ്രവൃത്തിയിൽ അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ വ്യക്തമായ നഷ്ടത്തിൽ ഖണ്ഡിക നം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-23 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ദുരിതാശ്വാസ നിധി രൂപീകരിക്കാം.

2018 ൽ കനത്ത പേമാരിയും വെള്ളപ്പൊക്ക കെടുതിയും അനുഭവിച്ച പ്രദേശമെന്ന നിലയിൽ ചിറ്റാട്ടുകര ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചതിന്റെയും ടി നിധിയിൽ നിന്നും 2018-19 വർഷം തുക ചെലവഴിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടി ലഭിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

# 1-24 ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ)പ്രോജക്ട് -അപാകതകൾ

പ്രോജക്ട് നം. S046/19

പ്രോജക്ട് പേര് : ഗാർഹിക കുടിവെള്ള കണക്ഷൻ(ജനറൽ)

അടങ്കൽ തുക : 500000/-

ചെലവ് തുക : 355000/-
നിർവ്വഹണോദ്യോഗസ്ഥ : വി.ഇ.ഒ.

2018-19 സാമ്പത്തിക വർഷത്തിൽ വി.ഇ.ഓ. നടപ്പിലാക്കിയ ജനറൽ വിഭാഗ ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിനിർവ്വഹണത്തിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 5000/- രൂപ വീതം 71 ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നു. ഈ പദ്ധതി നിർവ്വഹണത്തിനായി ഗുണഭോക്താവ് വഹിക്കുന്ന ആകെ ചെലവ് തുക കേരള വാട്ടർ അതോറിറ്റി അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു.

ഉദാ:- 1. അനിൽകുമാർ, വൈപ്പിൻ ചേരി ഹൗസ്, വടക്കേക്കര പി.ഒ., ആളംതുരുത്ത്.

2. ഐഷ വേണു, പാലയ്ക്കാപ്പറമ്പിൽ, താന്നിപ്പാടം.

3. റീന പി.പി., മേക്കോണത്ത് പട്ടണം, വടക്കേക്കര പി.ഒ.

4. സജിത്ത്, ചെട്ടിശ്ശേരി,പട്ടണം, വടക്കേക്കര പി.ഒ.

കൂടാതെ, ഗുണഭോക്താവ് പണം കൈപ്പറ്റിയെന്നതിന്റെ കൈപ്പറ്റ് രസീതോ പദ്ധതിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഹാജരാക്കിയില്ല. വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് നല്കിയ സബ്സിഡി തുക (5000x4) 20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-25 പൂർണ്ണ വിവരങ്ങൾ അടങ്ങിയ അപേക്ഷ,യോഗ്യത സർട്ടിഫിക്കറ്റ്, കരാർ എന്നിവയില്ലാതെ പദ്ധതി ആനുകൂല്യം നൽകി

പ്രോജക്ട് നം. S063/19

പ്രോജക്ട് പേര് : കക്കൂസ് മെയിന്റനൻസ്(പൊതുവിഭാഗം)

അടങ്കൽ തുക : 968000/-

ചെലവ് തുക : 848000/-
നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ.

1. പ്രോജക്ടിന്റെ അർഹതാ മാനദണ്ഡങ്ങളിലൊന്നായ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിരിക്കുന്നു.

എ) സതി, വട്ടേത്ത് പറമ്പിൽ, ചിറ്റാറ്റുകര.

ബി) സുധീഷ്, കുഞ്ഞിലോനപ്പറമ്പ്, പട്ടണം, വടക്കേക്കര പി.ഒ.

സി) ചിന്നമ്മ കുര്യൻ, മാഞ്ഞൂരാൻ, പട്ടണം, വടക്കേക്കര പി.ഒ.

2.അപേക്ഷകന്റെ കൈയ്യൊപ്പും ആവശ്യമായ മറ്റ് പൂർണ്ണ വിവരങ്ങളും ഇല്ല.

ഉദാ:- എ) ഗോപി എം.ഇ., മാട്ടുമ്മൽ വീട്, പൂയ്യപ്പിള്ളി, ചിറ്റാറ്റുകര.
ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷ അപൂർണ്ണമായിരുന്നു. അപേക്ഷയിൽ ഗുണഭോക്താവിന്റെ റേഷൻ കാർഡിന്റെ കോപ്പി, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെട്ടിരുന്നില്ല. അപേക്ഷയിൽ കയ്യൊപ്പ് രേഖപ്പെടുത്തിയതായും കാണുന്നില്ല.

3. ഗുണഭോക്താക്കളുമായി കരാർ വയ്ക്കേണ്ട ഈ പ്രോജക്ടിൽ ഭൂരിഭാഗം ഗുണഭോക്താക്കളുമായി കരാർ വയ്ക്കുകയോ തുക കൈപ്പറ്റിയതിനുള്ള കൈപ്പറ്റ് രസീത് വാങ്ങുകയോ ചെയ്തിട്ടില്ല.
4. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല.

(ഈ അപാകതകളെല്ലാം ഓഡിറ്റ് വേളയിൽ നിർവ്വഹണോദ്യോഗസ്ഥനോട് നേരിട്ട് സൂചിപ്പിച്ചെങ്കിലും പരിഹരിക്കാനായില്ല) മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകളിൽ നിന്നും അനർഹരായവർ ആനുകൂല്യം കൈപ്പറ്റിയോ എന്നും അർഹരായവർക്ക് ആനുകൂല്യം ലഭിച്ചോയെന്നും ഉള്ള കാര്യത്തിൽ വ്യക്തതയില്ല. പദ്ധതിനടത്തിപ്പിൽ തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ ഫണ്ട് വളരെ ഗൗരവത്തോടുകൂടിയും പ്രാധാന്യത്തോടുകൂടിയും കൈകാര്യം ചെയ്ത് ലക്ഷ്യപ്രാപ്തിയിലെത്തിക്കേണ്ടതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

# 1-26 വയോജനങ്ങൾക്ക് യോഗാ പരിശീലനം-പ്രോജക്ടിലെ അപാകത

| പ്രോജക്ട് നമ്പർ | എസ്.0157/19 |
| --- | --- |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് യോഗ പരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 48000/- |
| ചെലവ് | 12000/-(ബിൽ നമ്പർ 12/18-19, തീ.14.01.19)<br>12000/-(ബിൽ നമ്പർ 20/18-19, തീ.28.02.19)<br>12000/-(ബിൽ നമ്പർ 23/18-19, തീ..28.03.19) |

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് യോഗാ പരിശീലനം എന്ന പദ്ധതിക്ക് ജനവരി-2019 മുതൽ മാർച്ച്-2019 വരെ മാസം 12000/- രൂപ നിരക്കിൽ യോഗാക്ലാസ് നടത്തിയതിന് യോഗാ പരിശീലകന് 36000/-രൂപ നൽകിയിരുന്നു. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് (കൈ.) നം. 22/2018/തസ്വഭവ./തി.14.02.2018 ലെ 7.5.5 പ്രകാരം വയോജനങ്ങൾക്ക് യോഗാ പരിശീലനം നൽകുന്നതിന് യോഗാ പരിശീലകന് ഒരു സെഷന് 400/-രൂപ ക്രമത്തിൽ ഒരു മാസം 12000/-രൂപ വരെ അനുവദിക്കാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ യോഗാപരിശീലനം നടത്തിയതിന്റെ ഹാജർ പുസ്തകം സൂക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ എത്രപേർ പരിശീലനത്തിൽ പങ്കെടുത്തു, പരിശീലനം എത്ര ദിവസം, എത്ര സെഷനുകൾ നടത്തി എന്നീ വിവരങ്ങൾ അറിയുന്നതിന് കഴിഞ്ഞില്ല. മേൽ വിവരങ്ങളുടെ അഭാവത്തിൽ ഈ പദ്ധതിക്ക് ചെലവഴിച്ച രൂ.36000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.10/തീ.14.01.20).

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 അംഗനവാടികളുടെ അറ്റകുറ്റ പണി-അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0172/19 |
| പ്രോജക്ടിന്റെ പേര് | 87, 127, 113, 92, 81, 78 എന്നീ അംഗനവാടികളുടെ അറ്റകുറ്റ പണി- ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| കരാറുകാരൻ | ശ്യാം.കെ.ടി |

| | |
|---|---|
| അടങ്കൽ | 581699 (എെറ്റം നിരക്ക്)<br>കോസ്റ്റ് ഇൻഡക്സ് (49.02%) |
| ചെലവ് | 492751/- (ബിൽ നം. 8/18-19 തീ-28.05.18) |
| അളവ് പുസ്തകം | 192/17-18,195/17-18 |

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ അംഗനവാടി നമ്പർ 87, 127, 113, 92, 81, 78 എന്നിവയിലെ അറ്റകുറ്റ പണി നടത്തിയതിൽ അളവ് പുസ്തകം -195/17-18 ഇനം 8 ആയി ചെയ്ത Centering & shuttering including strutting..... എന്ന പ്രവൃത്തിയിൽ അധിക തുക അനുവദിച്ചിട്ടുണ്ട്. വിവിധ അംഗനവാടികളിലെ ചുറ്റമതിൽ നിർമ്മിച്ചതിന് കോൺക്രീറ്റിംഗ് നടത്തിയതിന് 5.9.1 ൽ തുടങ്ങുന്ന Centering & shuttering including strutting..... പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് 289/-രൂപയാണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 5.9.5 ൽ തുടങ്ങുന്ന (Centering & shuttering including strutting.....) നിരക്കാണ് ഉൾപ്പെടുത്തിയത്. അതിൻ പ്രകാരം പ്രവൃത്തി പൂർത്തികരിച്ച് തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | അനുവദിച്ചത് | അനുവദനീയമായത് | |
|---|---|---|---|
| | 5.9.5 ൽ തുടങ്ങുന്ന (Centering & shuttering including strutting..... | 5.9.1 Centering & shuttering including strutting..... | അധികം നൽകിയത് |
| ചെയ്ത പ്രവൃത്തിയുടെ അളവ് | 13.67 എം2 | 13.67 | - |
| നിരക്ക് | 500.99 | 289.02 | 211.97 |
| തുക | 6848.53 | 3950 | 2898.53 |

മേൽ പ്രവൃത്തിക്ക് അധികം നൽകിയ 2898/- രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ ഭാഗമായി അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 246925 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 246925 | 0 |
| “ | “ | 6365000 | വിവിധ വാർഡുകളിൽ റോഡ് | 3397681 | 2967319 |
| “ | “ | 3700000 | ലൈഫ് ഭവനം | 2602863 | 1097137 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 34000 | കൃഷിക്ക് കൂലി | 34000 | 0 |
| | | 409375 | ലൈഫ് ഭവന പദ്ധതി | 404697 | 4678 |
| | | 200000 | പാലിയേറ്റിവ് കെയർ | 200000 | 0 |
| | | 195000 | പാൽ വില സബ്സിഡി | 195000 | 0 |
| | | 40000 | എസ് ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 40000 | |
| | | | എസ് ടി.വിദ്യാർത്ഥികൾക്ക് | | |

| “ | “ | 0 | ലാപ് ടോപ് | 2257 | |
|---|---|---|---|---|---|
| | ആകെ | | | | |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21800716<br>21801275 | 26559 | 0 | 26559 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21800744<br>21800721<br>21801417<br>21801363 | 998575 | 0 | 998575 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21800930 | 2754 | 0 | 2754 |
| കേരള വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | 21800756 | 98000 | 0 | 98000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചയക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS – ഭവനം | GO(MS)1098/2010/LSGD dt. 27/3/10 | 14332500 | 54807 | 54807 | 0 |
| KURDFC Loan | GO(MS)68/2018/LSGD dt.18/5/18 | 29930000 | 0 | 0 | 29930000 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി തുക Prior period items (28020040) എന്ന ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈയിനത്തിൽ തൻവർഷം ലഭിച്ച 42736/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-5(4) | 2999 | ശ്രീമതി സലീഷ്യ സജിനി , AE | 11801010047/6.4.18 |
| | 3-5(11) | 1250 | " | 11801010048/6.4.18 |
| | 3-5(8) | 3998 | " | 11801010049/6.4.18 |
| | 3-5(4) | 2999 | " | 11801010054/6.4.18 |
| | 3-5(1) | 1250 | " | 11801010065/7.4.18 |
| | 3-5(5) | 1000 | " | 11801010065/7.4.18 |
| | 3-5(2) | 8247 | " | 11801010070/7.4.18 |
| | 3-5(6) | 8747 | " | 11801010071/7.4.18 |
| | 3-5(7) | 3499 | " | 11801010072/7.4.18 |
| | 3-5(3) | 4498 | " | 11801010074/7.4.18 |
| | 3-5(9) | 3249 | " | 11801010075/7.4.18 |

# 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആൾ | റിമാർക്സ് |
|---|---|---|---|---|
| 1998-99 | 18(a) | 1571.00 | ഫാൻസി പരമേശ്വരൻ | തുക അടച്ചിട്ടുണ്ട്. രസീത് നം. 11501103473/21.12.15 |
| | 18(b) | 4600.00 | " | " |
| | 28 | 500.00 | " | തുക അടച്ചിട്ടുണ്ട്. രസീത് നം 99/6374/ 13.7.06 |
| | 19 | 5538.00 | പി ജി ശോഭ | LF.13250/SC3/05/8.9.08 പ്രകാരം സർച്ചാർജ് നടപടികളിൽ നിന്നും ഒഴിവാക്കി |
| | 23 | | " | " |
| | 26 | 1157.00 | " | തുക അടച്ചിട്ടുണ്ട്. രസീത് നം.62/68121/7.2.08 |

.

# 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39.(1) | മരാമത്ത് പ്രവർത്തികൾക്കും മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി | കൺവീനർ അധികമായി കൈപ്പറ്റിയ തുക പലിശ സഹിതം അടവാക്കിയി ട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തീകരിച്ചില്ല. - മഹാത്മാഗാന്ധി എട്ടിയാട്ട് റോഡ് ഗ്രാവലിംഗ്. | സെക്രട്ടറി തസ്വഭവ (എസ്ഐ) വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113326183 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90600704 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/അംഗീകരിക്കാത്ത തുക | 2898 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 86000 |

(ബി) – പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 2898/- | ശ്രീമതി സലീഷ്യ സജിനി കെ ഏ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 2898/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | 30000/- | അസി. സെക്രട്ടറി |
| 1-24 | 20000/- | വി.ഇ.ഒ. |
| 1-26 | 36000/- | ഐ.സി.ഡി.എസ്. ഓഫീസർ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഒദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീന പി വി,<br>സെക്രട്ടറി | സെക്രട്ടറി,<br>ചിറ്റാട്ടുകര<br>ഗ്രാമപഞ്ചായത്ത് | പഴമഠത്തിൽ,<br>പള്ളുരുത്തി-<br>682006 |
| ശ്രീമതി.സലീഷ്യ സജിനി കെ. ഏ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പട്ടണക്കാട് | മാവുങ്കൽ ഹൗസ്,<br>ചെറിയകടവ്,<br>കണ്ണമാലി-682008 |

| | | |
|---|---|---|
| | ബ്ലോക്ക്പഞ്ചായത്ത്,<br>ആലപ്പുഴ | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2) 613/98 തീയതി 3.2.1999 |
| 1998-99 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 1999-00 | ,, |
| 2000-01 | എൽ എഫ് ഇ (പി2) 1454/02 തീയതി 22.9.2007 |
| 2001-02 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2002-03 | എൽ എഫ് ഇ (പി2) 823/07തീയതി 22.9.2007 |
| 2003-04 | എൽ എഫ് ഇ (പി2) 581/10തീയതി 20.5.2011/1.8.2011 |
| 2004-05 | എൽ എഫ് ഇ (പി2) 582/10തീയതി 20.5.2011/1.8.2011 |
| 2007-08 | എൽ എഫ് ഇ (പി2) 1595/08തീയതി 16.2.2009/6.6.2009 |
| 2008-09,<br>2009-10,<br>2010-11 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2011-12,<br>2012-13 | ,, |
| 2013-14 | എൽ എഫ് ഇ (പി10)647/15 തീയതി 8.6.15 |
| 2014-15 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2015-16 | എൽ എഫ് ഇ (പി12)2123/16 തീയതി 15.12.16 |
| 2016-17 | കെ എസ് ഇ-ഇകെഎം (പി12) 1725/2017 തീയതി 25.05.2018 |
| 2017-18 | കെ എസ് ഇ-ഇകെഎം (പി12) 1624/2018 തീയതി 07.9.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

.

# <u>അനുബന്ധം 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ജി.ഒ എം എസ് 152/2011/LSGD/Dtd 26.7.2011 ൽ നിർദ്ദേശിക്കുന്ന പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
2. വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chittattukara Grama panchayat in Ernakulam district for the year ended on 31.03.2019 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chittattukara Grama panchayat for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

## Abstract of Defects / Discrepancies.

1. The Asset Register is not comprehensive as the landed assets are not accounted and recorded in Asset Register as per the direction of GO (MS) 152//2011/LSGD/Dtd 26.7.2011.The same has not verified and tallied with the assets in AFS. Hence the correctness of Panchayath fund cannot be assertained.
2. Property tax details as per Sanchaya software has not been reconcilled with Annual Financial Accounts.

DEPUTY DIRECTOR